ക്ലാസ്സ് 9

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2024-25

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പാർട്ട് 1

1 മുതൽ 15 വരെ ചോദ്യങ്ങൾക്ക് 1 മാർക്ക് വീതം. 15×1=15

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഇസ്രായേൽക്കാരുടെ മതാത്മകജീവിതത്തിന്റെ ഹൃദയതുടിപ്പുകളാണ്?
(ഉത്ഥാനഗീതം, സങ്കീർത്തനങ്ങൾ, പ്രഘോഷണ പ്രാർത്ഥന)

2. "ദൈവമേ, അങ്ങു മനുഷ്യനെ അങ്ങേയ്ക്കായി സൃഷ്ടിച്ചു. അങ്ങയിൽ എത്തിച്ചേരുന്നതുവരെ മനുഷ്യഹൃദയം അസ്വസ്ഥമായിരിക്കും." ആരുടെ വാക്കുകൾ?
(വി. അഗസ്തീനോസ്, വി. പൗലോസ്, വി. ഇരണേവൂസ്)

3. ദൈവാരാധനയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന അടയാളമാണ്?
(കർമ്മങ്ങൾ, വാക്കുകൾ, കാലങ്ങൾ)

4. മദ്ബഹയുടെ കേന്ദ്രമാണ്?
(ബലിവേദി, വചനവേദി, ബലിപീഠം)

5. ദൈവോന്മുഖവും പരോന്മുഖവുമായ ജീവിതത്തിന് ഊർജ്ജം നൽകുന്ന ശക്തി സ്രോതസ്സാണ് .....
(മാമ്മോദീസ, വി. കുർബാന, വിവാഹം)

6. മരിച്ചവരെയും ജീവിക്കുന്നവരെയും പേരുപറഞ്ഞ് അനുസ്മരിക്കുന്ന പ്രാർത്ഥന?
(സംഭാഷണ പ്രാർത്ഥന, അനുസ്മരണ പ്രാർത്ഥന, ധൂപാർപ്പണ പ്രാർത്ഥന)

7. "ദൈവമേ എന്നോട് കരുണ തോന്നണമേ." എന്ന സങ്കീർത്തനം വി. കുർബാനയിൽ ഏത് ശുശ്രൂഷയുടെ ഭാഗത്താണ്?
(അനുരഞ്ജ ശുശ്രൂഷ, വിഭജന ശുശ്രൂഷ, ദൈവൈക്യ ശുശ്രൂഷ)

8. "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം." എന്ന വചന സ്വാധീനത്താൽ വിശുദ്ധനായി തീർന്നതാര്?
(വി. ഫ്രാൻസിസ് അസീസ്സി, വി. അഗസ്തീനോസ്, വി. ഫ്രാൻസിസ് സേവ്യർ)

9. ലോകത്തെയും അതിലുള്ള സകലത്തേയും കനിവോടെ സൃഷ്ടിച്ച ദൈവത്തിന് കൃതജ്ഞതയർപ്പിക്കുകയാണ്?
(രണ്ടാം പ്രണാമജപം, മൂന്നാം പ്രണാമജപം, ഒന്നാം പ്രണാമജപം)

10. ദൈവവചനത്തിന്റെ വ്യാഖ്യാനമാണ്?
(സുവിശേഷ പ്രസംഗം, കാറോസൂസ, ആശീർവാദ പ്രാർത്ഥന)

താഴെക്കൊടുത്തിരിക്കുന്ന പദങ്ങളെ ഉചിതമായി ചേർത്തെഴുതുക.

11.	ലിറ്റർജി	-	കുരിശ്
12.	വചനവേദി	-	പൊതുപ്രവൃത്തി
13.	ക്രൂസ്	-	ബേമ
14.	അഗതികളുടെ അമ്മ	-	കാറോസൂസ
15.	പ്രഘോഷണ പ്രാർത്ഥന	-	വി. മദർ തെരേസ

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 7×2=14

16. റൂഹാക്ഷണ പ്രാർത്ഥന എന്തെന്ന് വ്യക്തമാക്കുക.
17. വി. കുർബാനയുടെ സ്വീകരണത്തിനൊരുക്കമായി നാം ചെയ്യേണ്ട ഏതെങ്കിലും രണ്ട് കാര്യങ്ങൾ എഴുതുക.
18. ദേവാലയത്തിൽ വിശ്വാസികൾ നിൽക്കുന്ന സ്ഥലമേത്? അത് എന്തിനെ സൂചിപ്പിക്കുന്നു?
19. വി. കുർബാനയിൽ "നമുക്ക് പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ" എന്നാവർത്തിച്ച് ശുശ്രൂഷി പ്രാർത്ഥിക്കുന്നതിലൂടെ എന്താണ് നാം മനസ്സിലാക്കുന്നത്?
20. വി. കുർബാനയിൽ സംബന്ധിക്കുമ്പോൾ ദിവ്യകാരുണ്യം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെന്താണ്?
21. വി. കുർബാനയിലെ "കൈ കഴുകൽ" എന്താണർത്ഥമാക്കുന്നത്?
22. അടയാളങ്ങളും പ്രതീകങ്ങളും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 4×4=16

23. ക്രൈസ്തവാരാധന ഈശോയുടെ ആരാധനയിലുള്ള പങ്കുചേരലാണ്. വിശദമാക്കുക.
24. വി. കുർബാനയുടെ ഫലങ്ങളേവ?
25. ദിവ്യരഹസ്യഗീത സമയത്തെ കർമാനുഷ്ഠാനങ്ങൾ ഏവ? അവയുടെ പ്രതീകാത്മകമായ അർത്ഥമെന്ത്?
26. വി. കുർബാനയിലെ ഉത്ഥാനഗീതം നമ്മെ അനുസ്മരിപ്പിക്കുന്നതെന്ത്?

ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. 1×5=5

27. വി. കുർബാന ക്രൈസ്തവ ജീവിതത്തിന്റെ ശക്തികേന്ദ്രം.

രണ്ടു പേജിൽ കവിയാതെ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 1×10=10

28. ആരാധനക്രമത്തിലെ അടയാളങ്ങളെ എത്രയായി തരംതിരിച്ചിരിക്കുന്നു? വിശദമാക്കുക.

അല്ലെങ്കിൽ

ക്രൈസ്തവജീവിതത്തിൽ ദൈവചനത്തിനുള്ള പ്രാധാന്യം വിശദമാക്കുക.

പാർട്ട് 2

ഒറ്റവാക്കിൽ ഉത്തരമെഴുതുക. 6×1=6

29. വ്യക്തിസഭയുടെ തലവൻ?
30. പൗരസ്ത്യ സുറിയാനി സഭയുടെ മറ്റൊരു പേര്?
31. പാശ്ചാത്യ സഭയിലെ ഏറ്റവും പ്രധാനപ്പെട്ട സഭാചരിത്രകാരൻ?
32. മാനന്തവാടി രൂപതയുടെ ദ്വിതീയ മെത്രാൻ?
33. മാനന്തവാടി രൂപത സ്ഥാപിതമായ വർഷം, തീയതി?
34. സഖറിയാസ് വലവൂർ എഴുതിയ 'മലബാറിനൊരു മോസസ്' എന്ന ഗ്രന്ഥത്തിൽ ആരെയാണ് സൂചിപ്പിക്കുന്നത്?

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2×3=6

35. അനനിയാസ് പത്രോസിന്റെ കാല്ക്കൽ വീണ് മരിക്കാനിടയായ സംഭവമെന്ത്?
36. വി. കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങളേവ?

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2×4=8

37. മലബാറിലേയ്ക്കുള്ള കുടിയേറ്റ ജനതയുടെ ശക്തി.
38. മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും.